ശ്രീ. രമേശ് ചെന്നിത്തല: 1986-'87 വർഷത്തിൽ സംസ്ഥാനത്ത് ലഭിച്ചിട്ടുള്ള അലോട്ട്മെന്റ് എൻ. ആർ. ഇ. പി: പ്രകാരം അരി 9420 മെട്രിക് ടൺ, ഗോതമ്പ് 9420 മെട്രിക് ടൺ ആർ.എൽ.ഇ.ജി.പി. പ്രകാരമുള്ള അലോട്ട്മെന്റ് അരി 9420 മെട്രിക് ടൺ, ഗോതമ്പ് 9420 മെട്രിക് ടൺ. ഇത്രയുമാണ് അനുവദിച്ചിട്ടുള്ളത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാൻ നടപടി

*236 [374] ശ്രീ. കെ. ആർ. ചന്ദ്രമോഹൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ടി. കുണാരൻ:
,, കാനം രാജേന്ദ്രൻ:
,, എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് കോച്ച് നിർമ്മാണം, പ്രിൻറിംഗ് സ്പെയർപാർട്ട് നിർമ്മാണം എന്നീ ഉൽപ്പാദന മേഖലകളിലേക്കുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കോർപ്പറേഷന്റെ പ്രവർത്തനത്തിന് സ്വന്തമായി ഒരു പ്രിൻറിംഗ് പ്രസ് തുടങ്ങുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് നീക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ, ബി) ബസ് കോച്ച് നിർമ്മാണം, സ്പെയർപാർട്ട് നിർമ്മാണം എന്നീ ഉൽപ്പാദന മേഖലകളിൽക്കൂടി കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ തൽക്കാലം ഉദ്ദേശമില്ല. ബസ് ബോഡി നിർമ്മാണം സാമ്പത്തിക സൗകര്യം അനുസരിച്ചും ചേസിസിന്റെ ലഭ്യത അനുസരിച്ചും നടത്തുന്നുണ്ട്.

(സി) സാങ്കേതിക തടസ്സമൊന്നുമില്ല. സാമ്പത്തിക പരിമിതിയാണ് പ്രധാന കാരണം.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly